## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:655 | 29.06.2015-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മിഷൻ 676-ൽ സമ്പൂർണ്ണ ഭവന പദ്ധതി

**ചോദ്യം**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**
**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**

**മറുപടി**

**ശ്രീമതി. പി. കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗത്തിന് മിഷൻ 676 ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഭവന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | എ) | സംസ്ഥാനത്തെ ഭവനരഹിതരും എന്നാൽ സ്വന്തമായി വീടു നിർമ്മിക്കാൻ സ്ഥല സൗകര്യമുള്ളതുമായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനനിർമ്മാണം നടപ്പിലാക്കുന്നതിനായി മിഷൻ 676-ൽ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| ബി) | ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ; | ബി) | 2014-15 സാമ്പത്തിക വർഷത്തെ കണക്കു പ്രകാരം സംസ്ഥാനത്തെ ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 30308 ആണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതി, ഹഡ്കോ വായ്പ ഉപയോഗിച്ചുള്ള ഭവന നിർമ്മാണം, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ ഉപയോഗിച്ചുള്ള ഭവന നിർമ്മാണം, ഗ്രാമവികസന വകുപ്പ് മുഖാന്തിരമുള്ള ഐ.എ.വൈ പദ്ധതി എന്നീ പദ്ധതികളിലൂടെ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | എത്ര പേർക്ക് വീട് നൽകാനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | സി) | 2014-15 സാമ്പത്തിക വർഷത്തിലെ ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം 2907, ഹഡ്കോ വായ്പ തുക ഉപയോഗിച്ച് ആദ്യ ഘട്ടത്തിൽ 2000, 2014-15-ലെ ഐ.എ.വൈ പദ്ധതി പ്രകാരം 9337, 2015-16-ലെ ഐ.എ.വൈ പദ്ധതി പ്രകാരം 9337, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ ഭവന നിർമ്മാണ പദ്ധതി മുഖാന്തിരം 6000, ഹഡ്കോ വായ്പ രണ്ടാംഘട്ടം പ്രകാരം 727 എന്നിവ ഉൾപ്പെടെ 30308 വീടുകൾ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) | പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | ഡി) | വിവിധ ഭവന നിർമ്മാണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ എല്ലാവിധ നടപടികളും സ്വീകരിച്ചു വരുന്നു. |

Haripriya

സെക്ഷൻ ഓഫീസർ